## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ആർ.ജയപ്രകാശിന് അനുവദിച്ച ശൂന്യവേതനാവധിയിലെ അനുഭവിയ്ക്കാത്ത കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ. ഉ. (സാധാ) നം.**237/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം,**22/01/2016**

---

പരാമർശം:
1) 24/09/2009 ലെ സ.ഉ(സാധാ) നം.1021/09/തസ്വഭവ നമ്പർ ഉത്തരവ്
2) പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ 29/04/2014 ലെ ഇ 10-21100/2010 നമ്പർ നടപടിക്രമം.
3) പഞ്ചായത്ത് ഡയറക്ടറുടെ 01/10/2015 ലെ ഇ 10-53/15 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ആർ.ജയപ്രകാശിന് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII C പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചു. ടി അവധിക്കാലയളവ് അവസാനിക്കുന്നതിന് മുമ്പ് ടിയാൻ 29/04/2014 ന് പരാമർശം 2 പ്രകാരം തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുന:പ്രവേശിക്കുകയുണ്ടായി. 29/04/2014 മുതൽ 14/05/2015 വരെയുള്ള അനുഭവിക്കാത്ത അവധിക്കാലയളവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തിരുവനന്തപുരം പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ആർ ജയപ്രകാശിന് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിയ്ക്കാത്ത ഭാഗമായ 29/04/2014 മുതൽ 14/05/2015 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്സ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ആർ ജയപ്രകാശ്, ഓഫീസ് അറ്റൻഡന്റ് , പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
ധനവകുപ്പിന് ( 117199/റൂൾസ്-ബി2/15/ധന തീയതി 25.11.2015 നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ